ദീപിക
15 November 2019

## സിഎംഎഫ്ആർഐയുടെ

# ഭക്ഷ്യ മത്സ്യ കാർഷിക മേള സൂപ്പർ ഹിറ്റ്

കൊച്ചി: പിടയ്ക്കുന്ന മീൻ, സ്വാദൂറുന്ന മീൻ വിഭവങ്ങൾ, കർഷക സംഘങ്ങൾ ഉൽപാദിപ്പിച്ച അനേകം കാർഷിക ഉത്പന്നങ്ങൾ തുടങ്ങിയവ കൊണ്ട് ശ്രദ്ധേയമായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന ഭക്ഷ്യ മത്സ്യ കാർഷിക മേള.

മേളയുടെ ആദ്യദിനമായ ഇന്നലെ മൽസ്യകർഷകർ നേരിട്ടെത്തിച്ച കാളാഞ്ചി, തിലാപ്പിയ മത്സ്യങ്ങൾ ജീവനോടെ സ്വന്തമാക്കാൻ മത്സ്യപ്രേമികളുടെ ഒഴുക്കായിരുന്നു. ഏകദേശം 500 കിലോയിലധികം മീനാണ് ആദ്യദിനം വിറ്റുപോയത്. മേളയുടെ ഭാഗമായൊരുക്കിയ ലൈവ് കിച്ചണിൽ കൃഷി ചെയ്ത തിലാപ്പിയ വിവിധ വിഭവങ്ങളായി ചൂടോടെ കഴിക്കാനും തിരക്കനുഭവപ്പെട്ടു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ മേള ഉദ്ഘാടനം ചെയ്തു. രാവിലെ 10 മുതൽ രാത്രി ഒൻപത് വരെ നടക്കുന്ന മേളയിൽ പ്രവേശനം സൗജന്യമാണ്. മേളയിലെ മറ്റൊരു പ്രധാന ആകർഷണമാണ് കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഡ്രോണിന്റെ പ്രദർശനം.

കീടനാശിനി തളിക്കാനും രോഗബാധ പരിശോധിക്കാനും ഈ ഡ്രോൺ കൃഷിയിടത്തിന് മുകളിൽ പറപ്പിക്കാം. ഹൈഡ്രോപോണിക് കൃഷിയന്ത്രങ്ങളും പ്രദർശനത്തിലുണ്ട്.



ഭക്ഷ്യ മത്സ്യ കാർഷിക മേളയിൽ, കൃഷിയിടത്തിൽനിന്നെത്തിച്ച ജീവനുള്ള കാളാഞ്ചി മത്സ്യത്തെ പിടിക്കാൻ ശ്രമിക്കുന്ന ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ.

ലക്ഷദ്വീപിലെ തനത് ഉത്പന്നങ്ങൾ സ്വന്തമാക്കാനും മേളയിൽ അവസരമുണ്ട്. ചൂരമീനിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളായ മാസ്മിൻ, ഉണക്കിയ ചൂര, അച്ചാറുകൾ തുടങ്ങിയവയ്ക്ക് പുറമെ, ദ്വീപ് വെളിച്ചെണ്ണ, പലഹാരങ്ങൾ എന്നിവയും ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സ്റ്റാളിൽ ലഭ്യമാണ്. ജൈവരീതിയിൽ കൃഷി ചെയ്ത നൂറുകണക്കിന് നിത്യോപയോഗ കാർഷികോൽപന്നങ്ങൾക്ക് പുറമെ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മേൽനോട്ടത്തിൽ ഉത്പാദിപ്പിച്ച മായം കലരാത്തതും ഉയർന്ന ഗുണമേൻമയുള്ളതുമായ സുഗന്ധവ്യഞ്ജനങ്ങൾ, മൂല്യവർധിത ഉൽപ്പന്നങ്ങളായ പലയിനം എണ്ണകൾ, സോപ്പുകൾ, തുളസി ഫെയ്സ് വാഷ് പോലുള്ള സൗന്ദര്യവർധക വസ്തുക്കൾ തുടങ്ങിയവയും മേളയിലുണ്ട്.